(ഡി) ചെറുകിട യന്ത്രവൽക്കരണ പദ്ധതിയിൻകീഴിൽ മെതിയന്ത്രങ്ങൾ, കൊയ്ത്തു യന്ത്രങ്ങൾ പവർടില്ലറുകൾ, ട്രാക്ടറുകൾ തുടങ്ങിയവ പാടശേഖര സമിതികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കമ്പയിൻഡ് ഹാർവെസ്റ്റർ കൊയ്ത്തുകൊലത്ത് കൃഷിക്കാർക്ക് ലഭ്യമാക്കിവരുന്നുണ്ട്.

തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾക്ക് എതിരെ പ്രതിരോധ നടപടി

(360) <u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ കണ്ടുപിടിച്ച് അതിനു വേണ്ട രോഗപ്രതിരോധ ഉപാധികൾ കർഷകർക്ക് നിർദ്ദേശിച്ചുകൊടുക്കുന്നതിന് കാർഷിക സർവകലാശാലയിലെ വിദഗ്ധരായ തെങ്ങ് ഗവേഷണ ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിൽ ഒരു മൊബൈൽ ലബോറട്ടറി രൂപീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ;

(ബി) ഗ്രാമപഞ്ചായത്തിലുള്ള കൃഷി ഉദ്യോഗസ്ഥന്മാർ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നതിനും കേരകർഷകർക്ക് വേണ്ട നിർദ്ദേശം നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(സി) അപ്രകാരം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്ക് ഓഫീസ് മേൽനോട്ടമല്ലാതെ മറ്റ് ഓഫീസ് പ്രവർത്തികളിൽനിന്നും വിടുതൽ നൽകാനുള്ള ഉത്തരവുകൂടി പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആണ്ടിൽ പതിനഞ്ചു നാളികേരത്തിൽ താഴെ വിളവുതരുന്ന മുഴുവൻ തെങ്ങുകളും കർഷകന് നഷ്ടപരിഹാരം നൽകി വെട്ടിനശിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളെയും കീടങ്ങളെയും കണ്ടുപിടിച്ച് രോഗപ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ സഞ്ചരിക്കുന്ന അഗ്രോ ക്ളീനിക്കുകൾ ഇപ്പോൾത്തന്നെ പ്രവർത്തിക്കുന്നുണ്ട്. കാർഷിക സർവകലാശാലയിലെ വിദഗ്ദ്ധരുടെ സഹായം ഇവർക്ക് ലഭ്യമാണ്.

(ബി) നിലവിൽത്തന്നെ കൃഷി ഉദ്യോഗസ്ഥന്മാർ തെങ്ങുകൃഷിക്കാരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) ഇത്തരത്തിൽ പ്രത്യേകമായ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ കൃഷി വകുപ്പിന്റെ പരിഗണനയിലില്ല. കാറ്റുവീഴ്ചരോഗ നിരോധനത്തിന്റെ ഭാഗമായി രോഗബാധിതമായ വൃക്ഷങ്ങൾ വെട്ടിമാറ്റുന്ന ഒരു പരിപാടിയാണ് ഇപ്പോഴുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly